# പീററർ പറയുന്നത് കേരളത്തെക്കുറിച്ച്....

തൃശ്ശൂർ: പീറ്റർ വാർഡർ വർഫിന്റെ കർമ്മ ഭൂമി മലയാളമാകുന്നു. രണ്ടു പതിറ്റാണ്ടുകളായി പീറ്റർ കേരളത്തിലുണ്ട്. കേരളത്തിന്റെ മണ്ണും മണവും ഏറെ സുപരിചിതമാണ് അദ്ദേഹത്തിന്.

ഇവിടത്തെ പരിസ്ഥിതിയും ജലവിനിയോഗ സമ്പ്രദായങ്ങളും കുടിനീർ പദ്ധതികളും എന്തിന്, നമ്മുടെ രാഷ്ട്രീയവും സ്പോർട്സും പോലും ഹൃദിസ്ഥമാണ് ഡച്ചുകാരനായ പീറ്റർക്ക്.



ഇരുപതു വർഷങ്ങളിൽ മണ്ണൊലിപ്പും പരിസ്ഥിതിയും സംബന്ധിയായി അനേകം പ്രോജക്ടുകൾ പീറ്റർ ചെയ്തിരുന്നു. ഒന്നും വിഷയകേന്ദ്രീകൃതം മാത്രമായ വെറും കെട്ടുകാഴ്ചകളായിരുന്നില്ലെന്ന് അദ്ദേഹത്തിന്റെ വാക്കുകൾ നമുക്ക് തെളിവ് നിൽക്കുന്നു. മഴയുടെയും വെള്ളത്തിന്റെയും മണ്ണൊലിപ്പിന്റെയും ശാസ്ത്രാഭ്യസനം നടത്തുമ്പോഴും പീറ്ററിന്റെ ഉള്ളിൽ ഒരു ജനതതിയുടെ സ്വഭാവവും സംസ്കാരവുമായിരുന്നു.

'കേരളത്തിലെ രാഷ്ട്രീയം നിങ്ങൾ ചോദിക്കുമ്പോൾ ഞാൻ പറയുന്നു അത് നിങ്ങളുടെ ഫുട്ബോൾ പോലെയാണ്! മറ്റെല്ലാവരും ഗോൾ എന്ന ഒരേയൊരു ലക്ഷ്യത്തിനുവേണ്ടി കളിക്കുമ്പോൾ നിങ്ങൾ കളിക്കുക ഓരോരുത്തരായാണ്; നേട്ടവും ഓരോരുത്തരുടേതെന്ന് സ്ഥാപിക്കണം. ഇത് വെറും ഫുട്ബോൾ മാത്രമല്ല. നിങ്ങളുടെ രാഷ്ട്രീയത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും പൊരുൾ ഇതാണ്'.

പീറ്ററിന്റെ ഇപ്പോഴത്തെ ഗവേഷണപദ്ധതി, മൗണ്ടൻ മാനേജ്മെന്റിനെക്കുറിച്ച്. കേരളത്തിലെ ഭൗമശാസ്ത്രജ്ഞരെ കവച്ചുവെക്കുന്ന ധാരണയും അഭിപ്രായങ്ങളും പീറ്ററിൽ നിന്ന് കേൾക്കുമ്പോൾ നാം അത്ഭുതപ്പെടുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്യും.

'പ്രതിവർഷം രണ്ട്—മൂന്ന് അടി ഉപരിതല മണ്ണ് നമ്മുടെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് ഒലിച്ചു പോവുകയാണ്. ഇത് ദൂരവ്യാപകമായ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തിക്കൂടായ്കയില്ല. എന്നാൽ വന്മരങ്ങളും കുറ്റിക്കാടുകളും ഉൾപ്പെട്ട സസ്യസമ്പത്ത് അത് തടയേണ്ടതാണ്. പരിസ്ഥിതിയുടെ സംതുലിതാവസ്ഥ തകർക്കപ്പെടുമ്പോൾ അത് മണ്ണിന്റെ മരണംകൂടിയായിത്തീരുന്നു.'

'മാധ്യമങ്ങളാണ് ഡയാനയെ വളർത്തിയതും നശിപ്പിച്ചതും' —ഫോട്ടോഗ്രാഫർമാരിൽ നിന്ന് രക്ഷനേടാൻ മരണപ്പാച്ചിൽ നടത്തിയ രാജകുമാരിയെക്കുറിച്ച് പീറ്റർ പറയുന്നു.

'ഒത്തുതീർപ്പിന്റെ തത്വശാസ്ത്രമാണ് കേരളത്തിന്റെ രാഷ്ട്രീയത്തിനും സാമൂഹ്യജീവിതത്തിനും' —രാഷ്ട്രീയത്തെക്കുറിച്ച് അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. കേരളത്തിൽ അനേകം പാരിസ്ഥിതിക—ജലവിനിയോഗ പദ്ധതികളുമായി സഹകരിച്ചിട്ടുള്ള പീറ്റർ നാട്ടിക ഫർക്ക ശുദ്ധജല വിതരണ പദ്ധതിയുടെയും ചുമതലക്കാരനാണ്.

Mathrubhumi 3.9.1997

Mathrubhumi 3.9.97

**"Peter talks about Kerala." Free translation of article in Malayalam daily Mathrubhumi, Thrissur, 3 September 199**



Peter van der Werff's Karma Bhoomi (Land of Action) is becoming Keralite. He has been in Kerala for two decades. He is very familiar with the soil and smell of Kerala

Peter, a Dutchman, is fascinated by the environment, water supply systems and safe drinking water projects, such as in Natika Firka and Kuttanad, as well as our politics and sports. Over the past twenty years Peter has done projects related to soil and environment. His words prove to us that nothing was just a subject-centered view. Even during his research of rain, water and erosion, Peter was in tune with the culture and character of the people

Peter's current research is about land use·and mountain management. We will be curious and honored to learn from Peter what overwhelms the geologists of Kerala. Every year 2-3 centimeters of surface soil washes away from our highlands. This will be posing a far-reaching problem.

When asked about politics in Kerala, he would say it is like your football. While everyone is playing for the same purpose, you make sure that scoring is everyone's affair. This is not only football. It is the essence of your politics and social life. It is the philosophy of compromise in life.

Lady Diana was first nurtured by the media. Then she was destroyed when she became prey for chasing photographers

.